# പുതുക്കിപ്പണിയുന്ന പത്ത് വാതിലുകൾ
# അഥവാ
# ആത്മീയ വളർച്ചയ്ക്കുള്ള പത്ത് പടികൾ

വിലയുള്ള വസ്തുക്കൾ ( സ്വർണ്ണം, പെട്രോൾ ഖനനം ചെയ്താണ് എടുക്കുന്നത് ). പുറമേ നോക്കിയാൽ ഒരു സാധാരണരക്കാരന് ആ സ്ഥലത്തെപ്പറ്റി കൂടുതലൊന്നും മനസ്സിലാകയില്ല. കവറിംഗ് മാറ്റി ആഴത്തിലേക്കിറങ്ങുന്നവനു മാത്രമേ വിലയുള്ളത് ലഭ്യമാകൂ. **നെഹമ്യാവ് 3-ാം.** അദ്ധ്യായത്തെ വിചിന്തനം ചെയ്യുന്ന ഒരു വ്യക്തിക്കു മാത്രമേ പത്ത് വാതിലുകളുടെ പുനരുദ്ധാരണത്തിന്റെ ആത്മീയചിന്തകൾ ലഭ്യമാകുകയുള്ളു.ഇത് ആത്മീയ വളർച്ചയ്ക്കുള്ള പത്ത് പടികളാണ്.

യെറുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു. എന്ന വാർത്ത കേട്ട നെഹമ്യാവ് ആദ്യം ചെയ്തത് (1) ദൈവസന്നിധിയിൽ ഇരുന്നു (sat down) (2)കരഞ്ഞു (wept) (3) ഉപവസിച്ചു (fasted) (4) പ്രാർത്ഥിച്ചു (prayed). രാജാവിന്റെ പാനപാത്രവാഹകനായി പ്രശ്നരഹിതനായി ജീവിക്കുമ്പോഴും തന്റെ സഹോദരൻമാരുടെ അവസ്ഥയെ ഓർക്കുവാൻ കഴിയുക നല്ല ഒരു കാര്യമാണ്.തകർന്നതിനെ പണിയുവാനാഗ്രഹിക്കുന്നവർ (വ്യക്തി, കുടുംബം,സഭ,സമൂഹം) ദൈവസന്നിധിയിലിരിക്കണം, ഇരുന്നാൽ കരയുകയും പ്രാർത്ഥിക്കുകയും ചെയ്യുവാൻ കഴിയും.വിലാ (2:18,19) വാക്യങ്ങൾ വായിച്ച് ഗ്രഹിക്കുക.

പ്രാർത്ഥനയോടെ പുനർനിർമ്മാണം നടത്തുവാൻ ഇറങ്ങിയ നെഹമ്യാവിനോടൊപ്പം ദൈവകരവും ഉണ്ടായിരുന്നു. യെറുശലേമിന്റെ മതിലിന് ആകെ പത്ത് വാതിലുകളാണ്. മതിൽ അറ്റകുറ്റം തീർക്കുന്നതുപോലെ ഓരോ വ്യക്തിയും തന്റെ ജീവിതത്തിലെ കുറവുകൾ ഇല്ലാതാക്കുവാൻ പത്ത് വാതിലുകളുടെ പ്രവർത്തനം ദൈവഹിതപ്രകാരം ഏകീഭവിപ്പിക്കണം.(2 കരങ്ങൾ, 2കാലുകൾ, 2 കണ്ണുകൾ, 2 ചെവികൾ 1 നാവ്, 1 ഹൃദയം)

നെഹമ്യാവ് (3:1-32) വരെയുള്ള വാക്യങ്ങളിൽ ഈ പത്ത് വാതിലുകൾ ഏതെന്നും അവ പണിതത് ആരെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

**ഒന്നാം വാതിൽ- ആട്ടിൻവാതിൽ നെഹ:(3:1) (sheep gate)**

യാഗത്തിനുള്ള ആടുകളെ ഈ വാതിലിൽ കൂടി കൊണ്ടുപോയതിനാലാണ് ഈ പേർ ലഭിച്ചത് . വിൽക്കൽ, വാങ്ങൽ നടന്നതും ഇതിനടുത്താകാം.ഈ അദ്ധ്യായത്തിന്റെ ആരംഭത്തിലും , അവസാനത്തിലും ആട്ടിൻ വാതിൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . എല്യാശീബ് എന്ന മഹാപുരോഹിതന്റെ നേതൃത്വത്തിലാണ് പണി ആരംഭിച്ചത്. നെഹ: (3:1) ൽ അവർ എഴുന്നേറ്റ് പണിതു എന്ന് കാണാം. എഴുന്നേൽക്കുന്നവനുമാത്രമേ പണിയുവാൻ കഴിയൂ. എല്യാശീബ് (HebrewGod means restore)

പുതിയ ഉടമ്പടിയുടെ പുരോഹിതൻ ക്രിസ്തു.നമുക്കുവേണ്ടി യാഗമായ കുഞ്ഞാടിനെ കാണിക്കുന്നതാണ് ഈ വാതിൽ. Read യോഹ: (10:7,9). ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് യോഹ:(1:29) ൽ കാണുന്നു.ഇത് കാൽവറിയെ സൂചിപ്പിക്കുന്നു. വെളി: (1:8) ൽ 'ഞാൻ അൽഫയും , ഒമേഗയും' എന്നു കാണുന്നു.അതുപോലെ ആട്ടിൻ വാതിൽ

ഈ അദ്ധ്യായത്തിൽ ആദിയും അവസാനവും കാണുന്നു.ഒന്നാമത്തെ ഘട്ടമാണ് ആട്ടിൻ വാതിൽ കടക്കുന്നത്.അതായത് വാതിൽ ഞാൻ ആകുന്നു എന്ന് പറഞ്ഞ ക്രിസ്തുവിൽ വിശ്വസിക്കണം.രണ്ടാമതായി നമ്മുടെ പാപപരിഹാരത്തിനായി അവൻ കാൽവറിയിൽ യാഗമായി എന്ന് ഹൃദയത്തിൽ ഏറ്റെടുക്കണം.

**(2) മീൻ വാതിൽ (fish gate) നെഹ:(3.3)**

ഗലീലയിലെ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യങ്ങളെ ഈ വാതിലിൽ കൂടി കൊണ്ടു പോയി വിറ്റതിനാലാണ് മീൻ വാതിൽ എന്ന പേർ ലഭിച്ചത്. ഗലീലക്കടലിന് -ഗന്നസരേത്ത് തടാകം എന്നും , തിബെര്യോസ് കടലെന്നും പേരുണ്ട്.

കർത്താവ് തന്റെ ശുശ്രൂഷ പ്രത്യേകം കേന്ദ്രീകരിച്ചത് ഇവിടെയാണ്.അവൻ ഗലീലക്കടപ്പുറത്ത് നടന്നപ്പോഴാണ് ശീമോനെയും അവന്റെ സഹോദരനായ അന്ത്രയോസ് എന്നിങ്ങനെ മീൻപിടിക്കക്കാരായസഹോദരൻമാരെ കണ്ട് തന്റെ പിന്നാലെ വരുവാൻ ക്ഷണിച്ചത്.(മത്താ 4:19) "ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും" എന്നു കേട്ട സഹോദരൻമാർ സകലവും വിട്ട് പുറപ്പെട്ടു. ലൂക്കോ: (5:4-7) വരെയുള്ള വാക്യങ്ങളിൽ പടക്ക് യേശുവിനു നല്കിയവനു ലഭിച്ച അനുഗ്രഹത്തെ കാണാം. അനുഗ്രഹം പങ്കുവയ്ക്കുവാൻ മറ്റുള്ളവരെ മാടി വിളിക്കുന്നു.

ക്രിസ്തു എന്റെ പാപ പരിഹാരകൻ, അവൻ ആടുകളുടെ വാതിൽ എന്ന് വിശ്വസിച്ച് ആട്ടിൻ വാതിലിൽ കൂടി കടന്ന വിശ്വാസി ഒന്നാംഘട്ടം കടന്ന് രണ്ടാംഘട്ടമായി സാക്ഷ്യത്തിലേക്കെത്തിച്ചേർന്നു. പാപപരിഹാരകനായ ക്രിസ്തുവിന്റെ സ്നേഹവും കരുതലും സ്വീകരിക്കുക മാത്രമല്ല നമ്മുടെ വാക്കിലും പ്രവർത്തിയിലും ക്രിസ്തുവിനെ സാക്ഷിക്കുന്നവരായി തീർന്ന് മറ്റുള്ളവരെ കൂടി ഈ സന്തോഷത്തിലേക്ക് മാടി വിളിച്ച്, ക്രിസ്തു പറഞ്ഞതുപോലെ മനുഷ്യരെ പിടിക്കുന്നവരാകണം. ഇന്ന് പലരും പേരിൽ മാത്രം ക്രിസ്ത്യാനികളും പ്രവർത്തിയിൽ യൂദയുടെ സന്തതികളുമാണ്. (1 കൊരി 9:16,17) വാക്യങ്ങൾ വായിക്കുക. നെഹ(3:5) ൽ അറ്റകുറ്റം തീർത്തു എന്നാൽ കർത്താവിന്റെ വേലയ്ക്ക് ചുമൽ കൊടുത്തില്ല എന്ന് കാണാം.അതായത് യേശുവിന്റെ കരുതലും , സൗഖ്യവും അനുഗ്രഹവും വാങ്ങുവാൻ ആഗ്രഹിക്കുന്നവരും ,വാങ്ങിയവരും 'യേശു എന്റെ രക്ഷകൻ' എന്ന് പറയുവാൻ മടിക്കുന്നു.

ഉദാ: തങ്ങളുടെ മകന് കാഴ്ചലഭിച്ചിട്ടും അധികാരികളെ പേടിച്ച്, യേശു സൗഖ്യം നൽകി എന്ന് പറയാത്ത രക്ഷിതാക്കൾ.യോഹ(9:20-23) നിന്റെ കണ്ണ് തുറന്നത് ആർ എന്ന് പരിശന്മാർ പല പ്രാവശ്യം ചോദിച്ചപ്പോഴും ധൈര്യപൂർവ്വം യുവാവ് സാക്ഷിച്ചു Lookയോഹ (9:10,17,33)തന്റെ അവസ്ഥാ ഭേദങ്ങൾ വ്യക്തമായി പറയുന്നു. 'ഒന്ന്' ഞാൻ അറിയുന്നു, ഞാൻ പാപിയായിരുന്നു.ഇപ്പോൾ അവൻ എന്റെ പാപം ക്ഷമിച്ചു. 'ഒന്ന്' ഞാൻ അറിയുന്നു, ഞാൻ രോഗിയായിരുന്നു, യേശു എന്നെ സൗഖ്യമാക്കി. ഇപ്രകാരം പറയുവാൻ നമുക്ക് ധൈര്യം വേണം. പള്ളിഭ്രഷ്ടാക്കും, എല്ലാവരും ഉപേക്ഷിക്കും എന്ന് ഭയപ്പെടേണ്ട; യേശു അടുത്തുവരും. (യോഹ:9:34-39)

**(3) പഴയവാതിൽ (old gate)നെഹ:3:6)**

ഇത് യഥാർത്ഥ വാതിലാണ് (original gate)(നെഹ:3:6).ഇന്ന് ആധുനീകത എല്ലാ മേഖലകളെയും കീഴ്പ്പെടുത്തിയിരിക്കുന്നു.ഇലക്ട്രോണിക് ഉപകരണങ്ങൾ എല്ലാ മേഖലകളിലും മാറ്റം വരു

ത്തിയിരിക്കുന്നു.എന്നാൽ മാറ്റമില്ലാത്ത ഒന്നുണ്ട് അതത്രേ "ദൈവവചനം" . മാറ്റമില്ലാത്ത വചനം ഒരു വ്യക്തിയുടെ ഉള്ളിൽ മാറ്റം വരുത്തുന്നു. അതായത് ജഡത്തിന്റെ ഇച്ഛകൾ മരിപ്പിച്ച് 'നല്ലവഴി' ഏതെന്ന് പഴയ പാതയെ നോക്കി ചോദിച്ച് അവൻ ആത്മീയനായി നടക്കുന്നു.(യിരെ6:16)

കാലം മാറിയാലും , വചനം മാറുകയില്ല.

(4) **താഴ്‌വാര വാതിൽ (valley gate)(നെഹ:3:13)**

പഴയവാതിലിൽ നിന്ന് താഴ്വാര വാതിലിലേക്ക് വളരെ ദൂരമുണ്ട്. രണ്ട് മലകൾക്കിടയിൽ മണ്ണൊലിപ്പുമൂലം വളരെ ദൂരത്തിലുണ്ടാകുന്നതും താഴ്ചയുള്ളതുമാണ് ഈ സമതലങ്ങൾ. താഴ്‌വാരവാതിൽ ഹിന്നോം താഴ്‌വരയിലേക്കാണ് തുറക്കുന്നത്.

ഈ താഴ്‌വാരവാതിൽ അലഞ്ഞുനടക്കുന്ന ഒരു ക്രിസ്ത്യാനിയെ കാണിക്കുന്നു.മാറ്റമില്ലാത്ത ദൈവവചനം , പുതുക്കത്തിന്റെ അനുഭവത്തിലാക്കിയ ഒരു വ്യക്തിയെ honeymoon trip ന് പോകുന്നതുപോലെ ദൈവം അയയ്ക്കും, താഴ്‌വരയുടെ ഭംഗി, താഴെ നിന്ന് പർവ്വതത്തിന്റെ ഭംഗി ഇവയൊക്കെ ആസ്വദിച്ച് മുൻപോട്ടു പോകുമ്പോൾ ചില കാര്യങ്ങൾ ദൈവം പഠിപ്പിക്കും.ഈ പഠനക്കളരി നമുക്കാവശ്യമുണ്ട്.നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഉയർച്ചയ്ക്കുള്ള ഈ നാലാംഘട്ടം സ്വല്പം ദീർഘമെങ്കിലും ഇത് നമുക്കാവശ്യമാണ്.

eg: വായിക്കുക - (1) ലൂക്കോ : (10:30-37)

(2) ഉല്പത്തി 26:12-33)

ഈ ഭാഗങ്ങളിൽ നിന്നും എന്തെല്ലാമാണ് താഴ്‌വരയിൽ ദൈവം പഠിപ്പിക്കുന്നത്.എന്നു കാണാം.

(a) താഴ്‌വരയിൽ ഉപദ്രവിക്കുന്നവർ ഉണ്ട് (ലൂക്കോ:10:30)

(b) വേദനപ്പെട്ട് സഹായം ആഗ്രഹിക്കുന്ന അവസ്ഥയിലുള്ളവരെ കണ്ടിട്ടും കാണാതെ പോകുന്നവരുണ്ട് (ലൂക്കോ:10:31,32)

(c) താഴ്‌വരയിലെ അനുഭവത്തിൽ ക്ഷീണിതനായവനെ രക്ഷിക്കുവാൻ നാം അറിയാതെ നമ്മെ അനുഗമിക്കുന്ന ഒരു ശമര്യക്കാരൻ (യേശു) ഉണ്ടെന്ന് മനസ്സിലാക്കാം. (ലൂക്കോ : 10:33-35)(നാം മുറിവേറ്റവരോട് കരുണ കാട്ടാറുണ്ടോ?)

(d) യഹോവ അനുഗ്രഹിക്കുന്നവരോട് അസൂയപ്പെടുന്ന സമൂഹം (ഉല്പത്തി 26:14)

(e) ശണ്ഠയിടുന്നവർ താഴ്‌വരയിലുണ്ട് (ഉല്പ 26:16 മുതലുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക)

(f) താഴ്‌വരയിൽ നമ്മെ ഉപദ്രവിക്കുന്നവരോട് പകരം ചെയ്യരുത്. യഹോവയുടെ നാമത്തിലാരാധിക്കുന്നവനെ കണ്ട് ശത്രു പറയണം യഹോവ നിന്നോടു കൂടെ ഉണ്ടെന്ന്. (ഉല്പത്തി 26:25,28)

ie: താഴ്മയും , ക്ഷമയും ഇവിടെ നാം പാലിക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

(g) ദൈവം നമ്മോട് സംസാരിക്കുന്ന സ്ഥലമാണ് താഴ്‌വര.യെഹ : 3:22)

(5) **Dung gate (കുപ്പവാതിൽ.നെഹ:3:14)**

യെറുശലേമിലെ മലിനതകൾ ഹിന്നോം താഴ്‌വരയിലിട്ട് ദഹിപ്പിച്ചു കളയുന്നിടമാണിത്. ചിലർ ഇവിടം നിത്യ നരകമായി കാണുന്നു.

താഴ്‌വര പരിശീലനം ഇവിടെ എത്തിയാലും തുടരുന്നു. താഴ്‌വരയിലെ പഠനം നമ്മിലുള്ള കുറവുകളെ അഥവാ മലിനതകളെ എടുത്തു മാറ്റേണ്ട ആവശ്യത്തെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുന്നു.തകർച്ചയെമാറ്റി പുതിയതിനെ പണിയുവാനാഗ്രഹിക്കുന്നവർ ഒരു ഏറ്റു പറച്ചിൽ നടത്തേണ്ടതാണ്.അവൻ നമ്മുടെ പാപത്തിന്റെ കുറ്റം ക്ഷമിക്കുന്നവനാണ്. അഞ്ചാംഘട്ടമായ ഈ കുപ്പവാതിലിൽ നമ്മുടെ പാപം ആത്മാർത്ഥമായി ഏറ്റുപറഞ്ഞാൽ നമുക്ക് ഉയർച്ചയാണ് ഫലം.

**താഴെ രേഖപ്പെടുത്തിയ വേദഭാഗങ്ങൾ വായിക്കുക**

നെഹ (1:6) , സങ്കീ: (32:5) മത്തായി (15:18-19) സദൃ: (28:13) റോമർ :(5:5)

അഞ്ചാംഘട്ടം കഴിഞ്ഞ് ആത്മീയവളർച്ചയാഗ്രഹിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഗ്രാഫ് മുകളിലേക്ക് ആകുന്നു.

(6) **Fountain gate(ഉറവുവാതിൽ നെഹ 3:15)**

കുപ്പവാതിലും, ഉറവുവാതിലും അടുത്തടുത്താണ്. ശീലോഹാം കുളത്തിനു സമീപമാണ് ഈ വാതിൽ. മന്ദിരത്തിലേക്ക് കയറും മുൻപ് ഇവിടെ ശുദ്ധീകരണം നടത്തുന്നത്.ഉറവുവാതിൽ ജീവജലനദിയേയും അതിന്റെ ഉറവിടത്തേയും കാണിക്കുന്നു.

പാപം ഏറ്റു പറയുന്നവന്റെ ഉള്ളിലേക്ക് പരിശുദ്ധാത്മശക്തിയുടെ നീരുറവ ഒഴുകി എത്തുന്നു.ശീലോഹാം എന്ന വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. ഈ കുളത്തിൽ പോയി കണ്ണിൽ തേച്ച കുഴച്ചചേറ് കഴുകാനാണ് കുരുടനെ യേശു അയച്ചത്. മടങ്ങി വന്ന കുരുടന് പരിശുദ്ധാത്മ ശക്തി വന്ന് നിറയപ്പെട്ടതു കൊണ്ടാണ് പരീശന്മാരോട് ധൈര്യമായി പറഞ്ഞത് 'I am the man' -(യോഹ 9:9) വചനം ഉള്ളിൽ നിറയണം "എന്റെ വചനം നിന്റെ സമീപമായി നിന്റെ വായിലും , നിന്റെ ഹൃദയത്തിലും ഇരിക്കുന്നു". (റോമ 10-8,9)എന്ന് വചനം പറയുന്നു. വചനം ഉള്ളിൽ നിറഞ്ഞാൽ, വചനം ഉപയോഗിച്ച് സാത്താനോട് എതിർക്കണം. യേശു നേരിട്ട പരീക്ഷ ശ്രദ്ധിക്കുക.

Read മത്തായി (4:1-10)

നമ്മുടെ ഏകാഗ്രത നഷ്ടപ്പെടുത്തി ദൈവവചനത്തിൽ നിന്നകറ്റുവാൻ അവൻ ശ്രമിക്കുവാൻ തുടങ്ങുമ്പോൾ വചനത്താൽ തന്നെ മറുപടി പറയണം.അതിനായി കർത്താവായ യേശുവിൽ വിശ്വസിക്ക.പാപത്തെ ഏറ്റുപറഞ്ഞവന്റെ ഉള്ളിൽ ആറാം വാതിൽ കടക്കുമ്പോൾ പരിശുദ്ധാത്മാവ് വന്നു നിറയുന്നു.ഇതാണ് ആറാം ഘട്ടം.

**(7) നീർവാതിൽ (water gate)- നെഹ 3:26)**

ഉറവുവാതിലും നീർവാതിലും പരിശുദ്ധാത്മ നിറവിനേയും വചനത്താലുള്ള കഴുകലിനേയും കാണിക്കുന്നു.പഴയനിയമത്തിൽ ജലം പരിശുദ്ധാത്മാവിനെ കാണിക്കുന്നു..നീർവാതിൽ പരിശുദ്ധാത്മ പ്രവർത്തിയെ കാണിക്കുന്നു.വചനം കേൾക്കുവാനും , കേട്ട വചനം ഗ്രഹിപ്പാനും,ഗ്രഹിച്ചതിനെ പ്രാവർത്തികമാക്കുവാനും പരിശുദ്ധാത്മാവ് ഹായിക്കുന്നു. ഈ വാതിൽ വചനത്താലുള്ള കഴുകലിനെ കാണിക്കുന്നു.

എഫേ : (5:26), സങ്കീ 119:9

(8) Horse gate (കുതിരവാതിൽ - നെഹ 3:28)

രാജാവിന്റെ കുതിരാലയം ഇതിനടുത്തായതുകൊണ്ടാകാം ഈ പേർ ലഭിച്ചത്. യുദ്ധത്തിനുള്ള കുതിര ഈ വാതിലിൽ കൂടിയാണ് പുറത്തുവരുന്നത്. യുദ്ധത്തിന് കുതിരയുണ്ടെന്നുള്ള മുന്നറിയിപ്പ് നമുക്ക് ലഭിക്കുന്നു. നോക്കുക- വെളി:19:11-13)

വിശ്വാസി ആയാൽ ആത്മീകയുദ്ധമുണ്ടെന്നും അത് എങ്ങനെ നേരിടണമെന്നും മനസ്സിലാക്കുവാൻ എഫേ:(6:12-15) വരെ വായിക്കുക.

എട്ടാംഘട്ടം ആത്മീയയുദ്ധത്തിനായി തയ്യാറാകുന്നു.

(9) **East gate** (കിഴക്കേ വാതിൽ-നെഹ 3:29)

ഈ വാതിൽ ഒലിവു മലയ്ക്ക് എതിർ വശമാണ്. (സെഖ:14:4),ഹോശന്ന പാടി കടന്ന ഈ വാതിൽ ഇപ്പോൾ അടഞ്ഞു കിടക്കുകയാണ്.(യെഹ: 44 :1-3

ഈ വാതിൽ വേഗം വരുന്ന കർത്താവിനായി മാത്രമേ തുരക്കുകയുള്ളൂ. (വെളി: 22:20)

വീണ്ടും വരുന്നവനോടൊപ്പം ആകാനുള്ള ഒരുക്കമാണിത്.

(10) Inspection gate (ഹമ്മിഫ് ഖാദ് വാതിൽ (നെഹ 3:31)

ദാവീദ് തന്റെ പടയാളികളെ പരിശോധിച്ച സ്ഥലമാണിത്. ആത്മീയ യുദ്ധം ജയിച്ചവന് രാജാധിരാജൻ വരുമ്പോൾ ന്യായവിധിയെ അഭിമുഖീകരിക്കേണ്ടതായി വരും. ജീവന്റെ പുസ്തകത്തിൽ പേർ രേഖപ്പെടുത്തിയവന് പ്രതിഫലമുണ്ട്. പ്രതിഫലം സ്വീകരിക്കുന്നവർ യെറുശലേമിലെ മന്ദിരത്തിൽ ആട്ടിൻ വാതിലിൽ കൂടെ പ്രവേശിക്കും.

മതിലിന്റെ അറ്റകുറ്റപ്പണി ചെയ്തവരുടെ പേരുകൾ കുടുംബം കുടുംബമായി രേഖപ്പെടുത്തിയിട്ടുണ്ട്.ഒരു വ്യക്തിയേയും കർത്താവ് മറക്കുകയില്ല. ഒരു വാതിലിൽ നിന്ന് തുടങ്ങി അടുത്ത വാതിൽ വരെ പണിയുന്നവരുടെ പേരുകൾ പേരുകൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. അറ്റകുറ്റപ്പണി തീർത്ത് വാതിൽ വച്ചപ്പോൾ കതകും, കുറ്റിയും, കൊളുത്തും, വച്ചിരുന്നു.കാരണം ആത്മീയ വർദ്ധനവിന്റെ പടികൾ പൂർത്തിയാക്കിയാൽ പിന്നെ ലോകത്തെ ജയിക്കേണ്ടത് ആവശ്യമാണ്.ഒത്തൊരുമിച്ച് പ്രവർത്തിച്ചവർക്കു മാത്രമേ പണി ഭംഗിയായി പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.പ്രാർത്ഥിച്ച് പണി തുടങ്ങിയവന് ദൈവത്തിന്റെ കരം കൂടെയുണ്ടെങ്കിൽ ഭംഗിയായി പൂർത്തിയാക്കുവാനും കഴിയുമെന്ന് ഈ അദ്ധ്യായം നമ്മെ പഠിപ്പിക്കുന്നു.